THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

**WORKSHEET**
**GRADE-X**
**CHAPTER-III**

**II.**ഒറ്റവാക്കിലോ വാക്യത്തിലോ ഉത്തരം എഴുതുക

**1.**കുമാരനാശാൻറെ വിശേഷണങ്ങളിൽ ഉൾപ്പെടാത്തത് ഏത്**?**

**i.**സ്നേഹ ഗായകൻ

**ii.**ഗുലിക പടവാളാക്കിയ കവി

**iii.**വിപ്ലവത്തിൻറെ ശുക്രനക്ഷത്രം

**iv.**ആശയഗംഭീരൻ

**2.**കുമാരനാശാൻറെ കൃതികളിൽ ഉൾപ്പെടാത്തത് ഏത്**?**

**i.**ലീല

**ii.**ചിന്താവിഷ്ടയായ സീത

**iii.**ചിത്രയോഗം

**iv.**പുഷ്പ വാടി

**3.**ആശാൻറെ അവസാനകാല കൃതി ഏത്**?**

**i.**ലീല

**ii.**നളിനി

**iii.**ദുരവസ്ഥ

**iv.**കരുണ

**4.**ആരുടെ വിയോഗത്താൽ ആണ് ആശാൻ പ്രതിരോദനം രചിച്ചത്**?**

**i.**രാജാരവിവർമ്മ

**ii.**സ്വാതി തിരുനാൾ

**iii.**കേരളവർമ്മ

**iv.**എ ആർ രാജരാജവർമ്മ

**5.**ഏത് ബോട്ടപകടത്തിലാണ് ആശാൻ മരണമടഞ്ഞത്**?**

**i.**റഡാർ

**ii.**റെഡിമർ

**iii.**കുമരകം

**iv.**കൈനിക്കര

**6.**ഏത് മാസികയുടെ പത്രാധിപർ ആയിരുന്നു ആശാൻ**?**

**i.**മിതവാദി

**ii.**വിവേക ചന്ദ്രിക

**iii.**വിവേകോദയം

**iv.**വിവേക വിനോദിനി

**7.**കഷ്ടകാലമഖിലം കഴിഞ്ഞു ഹാ**!** നളിനി ഇപ്രകാരം പറയാനുള്ള കാരണം എന്ത്**?**

**i.**ദിവാകരൻ നളിനിയെ തിരിച്ചറിഞ്ഞതിനാൽ

**ii.**ദിവാകരനെ കാണാൻ സാധിച്ചതിനാൽ

**iii.**ദിവാകരൻ സന്യാസി ആയതിനാൽ

**iv.**ദിവാകരന്റെ വാക്കുകൾ കേട്ടതിനാൽ

**8.**നളിനിയുടെ ജീവിതലക്ഷ്യം എന്തായിരുന്നു**?**

**i.**മോക്ഷം

**ii.**സന്യാസ ജീവിതം

**iii.**ദിവാകര ദർശനം

**iv.**ഇതൊന്നുമല്ല

**9.'**ഭാഗ്യം രൂപം പ്രാപിച്ച വന്നപോലെ'ഇവിടെ ഭാഗ്യം എന്ന ഉദ്ദേശിച്ചിരിക്കുന്നത് ആരെയാണ്**?**

**i.**നളിനിയെ

**ii.**ദിവാകരനെ

**iii.**സന്യാസിനിയെ

**iv.**കവിയെ

**10.**മനസ്സുരുകി പ്രാർത്ഥിക്കുന്നവരുടെ അഭിഷ്ടം എന്നെങ്കിലും ഒരിക്കൽ ഈശ്വരൻ നൽകുക തന്നെ ചെയ്യും ഇങ്ങനെ പറയുന്നത് ആരാണ്**?**

**i.**നളിനി

**ii.**ദിവാകരൻ

**iii.**കുമാരനാശാൻ

**iv.**സന്യാസി

**11.**ഏകമർത്ഥിയാം പ്രാണിതൻ
ഹിതമൊരിക്കലീശ്വരൻ**-**എന്ന നളിനിയുടെ വാക്കുകളിൽ പരാമർശിക്കപ്പെടുന്ന ഹിതം എന്തായിരുന്നു**?**

**i.**ദിവാകര ദർശനം

**ii.**സന്യാസ ജീവിതം

**iii.**ഗൃഹസ്ഥ ജീവിതം

**iv.**മോക്ഷ പ്രാപ്തി

**12......**യേകമർത്ഥിയാം പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ**"**ഈ വരികളിൽ തെളിയുന്ന ഭാവം എന്ത്**?**

**i.**നിരാശ

**ii.**സങ്കടം

**iii.**പ്രതീക്ഷ

**iv.**പരിഹാസം

**13.**സന്യസിച്ചളവുമാസ്ഥയാൽ ഭവാൻ തന്നെയോർത്തിഹതപസ്സിൽ വാണ ഞാൻ**'**ആസ്ത എന്നതിന് യോജിച്ച അർത്ഥം ഏത്**?**

**i.**അവസ്ഥ

**ii.**ദുഃഖം

**iii.**ആകാംക്ഷ

**iv.**ആഗ്രഹം

**14. "**ധന്യയായ് സപദി കാൺക മൂലമ**-**

ങ്ങെന്നെയോർക്കുകിലുമോർത്തിടായ്കിലും**"**

ആരെ കാൺക മൂലമാണ് നളിനിയുടെ ജന്മം ധന്യമായ**?**

**i.**തപസ്വിനിയെ

**ii.**ദിവാകരനെ

**iii.**സന്യാസിയെ

**iv.**മാതാപിതാക്കളെ

**15.**ഭാവശാലികൾ പിരിഞ്ഞു കൂടിയാൽ ഉള്ള സുഖോദയം എങ്ങനെ ഉള്ളതായിരിക്കും എന്നാണ് ആശാൻ പറയുന്നത്**?**

**i.**വിമലം

**ii.**വിഫലം

**iii.**വികലം

**iv.**വിരളം

**16.** ഏവമോതിയിടരാർന്നു കണ്ണുനീർ

ളുവിനാൾ മൊഴി കുഴങ്ങി നിന്നവൾ

ആരാണ് മൊഴി കുഴങ്ങി നിന്നത്**?**

**i.**ദിവാകരൻ

**ii.**സന്യാസി

**iii.**നളിനി

**iv.**കോടതി

**17.**നളിനിയുടെ മുഖത്തെ ദിവാകരൻ എന്തിനോടാണ് സാമ്യപ്പെടുത്തിയത്**?**

**i.**താമരയോട്
**ii.**പനിനീർ പൂവിനോട്
**iii.**സൂര്യകാന്തിയോട്
**iv.**ആമ്പലിനോട്
**18.**യതി നാനാർത്ഥ പദം അല്ലാത്തത് ഏത്**?**
**i.**വടി
**ii.**സന്യാസി
**iii.**ഹിമ മനുഷ്യൻ
**iv.**വിരാമം
**19.**ആര് ആരെയാണ് ഉടനെ അറിഞ്ഞത്**?**
**i.**നളിനി സന്യാസിനിയെ
**ii.**ദിവാകരൻ സന്യാസിനിയെ
**iii.**നളിനി ദിവാകരനെ
**iv.**ദിവാകരൻ നളിനിയെ
**20.**ആരതെന്നുടനറിഞ്ഞപ്പോൾ
ദിവാകരൻ നളിനിയോട് സംസാരിച്ചുതുടങ്ങിയത് എങ്ങനെ**?**
**i.**കൗതുകം പരമാർന്ന്
**ii.**സ്വയം അറിഞ്ഞിടാത്തത് ഓർത്ത്
**iii.**ചാരു ശൈശവകഥയ്ക്ക് ചേർന്ന്
**iv.**ഭൂരി ബാഷ്പ പരിപാടലത്തോടെ
**21.**ചാരുശൈശവകഥയ്ക്കു ചേർന്നൊരു വാക്കരുളിയതാര്**?**
**i.**യോഗിനി
**ii.**കവി
**iii.**ദിവാകരൻ
**iv.**നളിനി
**22.**നളിനി കരയാറുണ്ടായിരുന്നത് എന്തിനായിരുന്നു**?**
**i.**ദിവാകരനിൽ നിന്ന് അപ്രിയം ഉണ്ടായാൽ
**ii.**ദിവാകരനെ കാണാതിരുന്നാൽ
**iii.**ദിവാകരൻ വഴക്കു പറയുമ്പോൾ
**iv.**ഇതൊന്നുമല്ല
**23.**പ്രായവും ലക്ഷ്യവും മാറി ദിവാകരനും നളിനിക്കും എന്തുമാറ്റം സംഭവിച്ചു എന്നാണ് ദിവാകരൻ പറയുന്നത്**?**
**i.**പക്വത വന്നു എന്ന
**ii.**അറിവ് വർദ്ധിച്ചു
**iii.**സന്യാസ ജീവിതം നയിക്കുന്നു

**iv.**ജീവിതം മാറി

**24.**സ്വന്തം ജീവിതം അന്യർക്ക് വേണ്ടി ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കുന്നത് ആരാണ്**?**

**i.**സന്യാസികൾ

**ii.**വിവേകികൾ

**iii.**ജനസേവകർ

**iv.**അന്യന്മാർ

**25.**കുമാരനാശാൻ നളിനി എന്ന കാവ്യത്തിന് നൽകിയ മറ്റൊരു പേര്**?**

**i.**സ്നേഹം

**ii.**പ്രിയപ്പെട്ടവൾ

**iii.**ഒരു സ്നേഹം

**iv.**സ്നേഹത്തിൻറെ കഥ

**II.**ഉത്തരം എഴുതുക

**1."**പിന്നെയൊന്നൊരുപകാരമേതിനോ

യെന്നെയോർത്തു സഖീ**,** ഏതതോതുക

അന്യജീവനുതകി സ്വജീവിതം

ധന്യമാക്കുമമലേ വിവേകികൾ**"**

ദിവാകരന്റേയും നളിനിയുടേയും സ്നേഹസങ്കൽപ്പങ്ങളിലെ വ്യത്യാസമെന്ത്**?**

**2.**കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർ

ത്തിണ്ടൽ വേണ്ട സഖി**!** കേണിടേണ്ട കേൾ**,**

പണ്ടു നിന്നെയൊരിളം കുരുന്നായ്

കണ്ടു ഞാൻ സപദി വല്ലിയായി നീ

വരികളിലെ കാവ്യപരമായ സവിശേഷതകൾ കണ്ടെത്തി എഴുതുക

**3."**പണ്ടുനിന്നെയൊരിളം കുരുന്നതായി

കണ്ടു ഞാൻ**,** സപദി വല്ലിയായി നീ**'**

ഇളം കുരുന്ന്,വല്ലിയായി എന്നീ പദങ്ങൾ നൽകുന്ന അർത്ഥസാധ്യതകൾ എന്തെല്ലാം? രണ്ടെണ്ണം കുറിക്കുക.

**4."**കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!

ദിഷ്ടമീ വടിവിയന്നു വന്നപോൽ

ദൃഷ്ടനായിഹ ഭവാൻ! ഭവാനു പ-

ണ്ടിഷ്ടയാം "നളിനി ഞാൻ മഹാമതേ!

"കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർ

ത്തിണ്ടൽ വേണ്ട സഖി! കേണിടേണ്ട കേൾ,

പണ്ടു നിന്നെയൊരിളം കുരുന്നതായ്

കണ്ടു ഞാൻ, സപദി വല്ലിയായി നീ.

ശബ്ദഭംഗി കണ്ടെത്തിയെഴുതുക

**5.**പ്രാണനാടുമൊരുനാൾ ഭവൽപദം

കാണ്മവാൻ ചിരമഹോ കൊതിച്ചു ഞാൻ

കേണവാണിവിടെയേകമർത്ഥിയാം

പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ.

നളിനി മരണത്തിനു മുമ്പുള്ള ആശയായി പറയുന്നതെന്തെല്ലാം ?

വ്യക്ത്യാധിഷ്ഠിത സ്നേഹത്തിന്റെ ദോഷങ്ങൾ എന്തൊക്കെയാവാം?

**III.**പ്രഭാഷണം തയ്യാറാക്കുക

"അന്യജീവനുതകിസ്വജീവിതം

ധന്യമാക്കുമമലേ വിവേകികൾ - (കുമാരനാശാൻ)

"അവനവനാത്മസുഖത്തിനാചരിക്കുന്നവ

യപരന്നു സുഖത്തിനായി വരേണം."

(-ശ്രീനാരായണഗുരു )

-നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രകൃതി - ദുരന്തത്തെയാണ് കേരളം അതിജീവിച്ചത്. ഇവിടെ രക്ഷകരായത് നമ്മുടെ സ്വന്തം സൈന്യമെന്ന് പ്രകീർത്തിക്കപ്പെട്ട മത്സ്യത്തൊഴിലാളികളും വിവിധസേനാ വിഭാഗങ്ങളും യുവാക്കളും നാട്ടുകാരുമാണ്. മഹത്തായ ഈ രക്ഷാപ്രവർത്തന ദൗത്യത്തെയും മുകളിൽ നൽകിയ വരികളിലെ സന്ദേശത്തെയും ഉൾപ്പെടുത്തി "കേരളം ലോകത്തിനു മാതൃക' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.